# പതിനാലാം കേരള നിയമസഭ
# (ഒന്നാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:2262** **18/07/2016-ൽ മറുപടിയ്ക്ക്**

<u>ഉൾനാടൻ മത്സ്യകൃഷി വിപുലപ്പെടുത്തുന്നതിന്</u>

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം. സ്വരാജ്: | ശ്രീമതി. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യു വ്യവസായവും വകുപ്പ് മന്ത്രി): |

| | | | |
|---|---|---|---|
| എ) | ഉൾനാടൻ മത്സ്യകൃഷി വിപുലപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വ്യക്തമാക്കുമോ; | എ) | ഉൾനാടൻ മത്സ്യകൃഷി വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായി ഫിഷറീസ് വകുപ്പ് നേരിട്ട് നടത്തിവരുത്തുന്ന പദ്ധതിയാണ് മത്സ്യസമൃദ്ധി - II. ടി പദ്ധതിയിലൂടെ കേരളത്തിലെ 14 ജില്ലകളിലായി അനുയോജ്യമായ ശുദ്ധജല, ഓരുജല പ്രദേശങ്ങൾ ഉപയുക്തമാക്കി മത്സ്യകൃഷി നടത്തിവരുന്നു. സംസ്ഥാനത്തെ ഉൾനാടൻ മത്സ്യോല്പാദനം 2015-18 വർഷകാലയളവിൽ 1.5 ലക്ഷം ടൺ അധികമായി ഉയർത്തുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. കൂടാതെ മത്സ്യകൃഷി വികസനത്തിനായി 50% കേന്ദ്രാവിഷ്കൃത പദ്ധതിയിൽ മത്സ്യകർഷക വികസന ഏജൻസി (എഫ് എഫ് ഡി എ) മുഖേന പുതിയ കുളങ്ങളുടെ നിർമ്മാണത്തിന് ധനസഹായം, കുളങ്ങളുടെ നവീകരണം, ഇൻപുട്ട് സബ്സിഡി, റിസർവ്വോയർ ഫിഷറീസ്, നൂതന മത്സ്യകൃഷി രീതികൾക്കുള്ള ധനസഹായം മത്സ്യകർഷകർക്കുള്ള പരിശീലനം എന്നിവ നടപ്പിലാക്കി വരുന്നു. സംസ്ഥാനത്തെ ഉൾനാടൻ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനും നൂതന മത്സ്യകൃഷിരീതികൾ വ്യാപിപ്പിക്കുന്നതിനുമായി സംസ്ഥാനത്തുടനീളം നൂതന |

| | | | |
|---|---|---|---|
| | | | മത്സ്യകൃഷിയുടെ ഡെമോൺസ്ട്രേഷൻ ഫാമുകൾ നടപ്പിലാക്കുന്നതിന് 5.50 കോടി രൂപയുടെ പദ്ധതി 2016-17 വർഷം തയ്യാറാക്കിയിട്ടുണ്ട്. ഇതിൽ ഓരുജല മത്സ്യങ്ങളുടെ സമ്മിശ്ര മത്സ്യകൃഷി, കൂടുകൃഷി, റിസർവ്വോയറുകളിലെ കൂടുകൃഷി, SPF (Specific Pathogen free) കാരചെമ്മീൻ കൃഷി, കുളങ്ങളിലെ ആറ്റുകൊഞ്ചുകൃഷി, റീസർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം, സമുദ്രങ്ങളിൽ മുത്തുച്ചിപ്പി, കല്ലുമ്മേക്കായ് എന്നിവയുടെ കൃഷി എന്നീ ഘടകങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഫിഷറീസ് വകുപ്പിന്റെ അനുബന്ധ ഏജൻസിയായ അഡാക്ക് മുഖേന കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിനു കീഴിൽ നാഷണൽ അഡാപ്റ്റേഷൻ ഫണ്ട് ഫോർ ക്ലൈമാറ്റിക്ക് ചേഞ്ച് പദ്ധതിയിൽ ഉൾപ്പെടുത്തി നബാർഡിന്റെ ധനസഹായത്തോടെ കൈപ്പാട് പൊക്കാളി നിലങ്ങളിലെ സംയോജിത മത്സ്യ നെൽകൃഷി പദ്ധതി നടപ്പാക്കി വരുന്നു. മത്സ്യഫെഡിന്റെ കീഴിൽ കൊല്ലം ജില്ലയിലെ തിരുമുല്ലവാരം, തൃശ്ശൂർ ജില്ലയിലെ കയ്പമംഗലം, മലപ്പുറം ജില്ലയിലെ വെളിയംകോട്, കണ്ണൂർ ജില്ലയിലെ മാപ്പിളബേ എന്നീ സ്ഥലങ്ങളിൽ ഓരോ ചെമ്മീൻ വിത്തുല്പാദനകേന്ദ്രങ്ങൾ പ്രവർത്തിച്ചു വരുന്നു. ടി ഹാച്ചറികളിൽ, കാര, നാരൻ, ആറ്റുകൊഞ്ച് എന്നിവ ഉല്പാദിപ്പിച്ച് മത്സ്യകർഷകർക്ക് വിതരണം ചെയ്യുകയും, മത്സ്യകൃഷിക്കുവേണ്ടി സാങ്കേതിക സഹായം നൽകുകയും ചെയ്ത് വരുന്നു. |
| ബി) | ഈ മേഖലയിലെ മത്സ്യത്തൊഴിലാളികൾക്ക് കൂടുതൽ വരുമാനം ലഭിക്കുന്ന തരത്തിൽ മത്സ്യകൃഷി വിപുലപെടുത്താൻ പുതിയ പദ്ധതികൾ തയ്യാറാക്കുമോ; | ബി) | ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് കൂടുതൽ വരുമാനം ലഭിക്കുന്ന തരത്തിൽ നേരിട്ടും മത്സ്യസമൃദ്ധി പദ്ധതിയിലൂടെയും ഏജൻസികൾ മുഖേനയും പൊതു ജലാശയങ്ങളിൽ മത്സ്യ-കൊഞ്ചു നിക്ഷേപം നടത്തി (ഓപ്പൺ വാട്ടർ റാഞ്ചിംഗ്)മത്സ്യോല്പാദനം വർദ്ധിപ്പിക്കുന്നതി |

| | | | |
|---|---|---|---|
| | | | നുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു. മത്സ്യത്തൊഴിലാളികൾക്ക് കൂടുതൽ വരുമാനം ലഭിക്കുന്ന തരത്തിൽ മത്സ്യകൃഷി വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായി മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്ത് പ്രവർത്തിക്കുന്ന ഉൾനാടൻ മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘങ്ങൾ വഴി മത്സ്യകൃഷി പദ്ധതി നടപ്പിലാക്കുന്നത് പരിശോധിച്ചുവരുന്നു. |
| സി) | എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ അറിയിക്കുമോ? | സി) | സംസ്ഥാന ബഡ്ജറ്റിൽ ഉൾപ്പെടുത്തി ഉൾനാടൻ ജലാശയങ്ങളിൽ മത്സ്യകുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിന്റെ ഭാഗമായി 2015-16 വർഷം 6 ലക്ഷം രൂപ വീതം ആകെ 30 ലക്ഷം രൂപ ആലപ്പുഴ, എറണാകുളം, മലപ്പുറം, കോഴിക്കോട്, കണ്ണൂർ ജില്ലകൾക്ക് അനുവദിച്ചു നൽകിയിരുന്നു.ടി തുക വിനിയോഗിച്ച് 7,29,000 പൂമീൻ കുഞ്ഞുങ്ങളെ മേൽ പറഞ്ഞ ജില്ലകളിലെ പൊതു ജലാശയങ്ങളിൽ നിക്ഷേപിച്ചിട്ടു ണ്ട്. 2016-17 വർഷത്തിൽ പൊതു ജലാശയത്തിൽ മത്സ്യ/കൊഞ്ച് കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിനായി 5 ലക്ഷം രൂപ വീതം 9 ജില്ലകൾക്ക് മൊത്തം 45 ലക്ഷം രൂപ ജില്ലകൾക്ക് അനുവദിച്ച് നൽ കിയിട്ടുണ്ട്. മത്സ്യ സമൃദ്ധി - II പദ്ധതിയിലൂടെ പൊതു ജലാശയങ്ങളിലെ (സോഷ്യൽ ഫിഷറീസ്) മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി ഓരോ ജില്ലയ്ക്കും 5 ലക്ഷം രൂപ വീതം മൂന്ന് വർഷ കാലയളവിലേയ്ക്ക് 210 ലക്ഷം രൂപയാണ് പദ്ധതിയിൽ വകയിരുത്തിയിരിക്കുന്നത്. പൊതു ജലാശയങ്ങളിലെ മത്സ്യവിത്ത് നിക്ഷേപിക്കുന്ന പദ്ധതി വ്യാപകമാക്കിയതിലൂടെ ഉൾനാടൻ മത്സ്യസമ്പ ത്ത് വർദ്ധിക്കുകയും പരമ്പരാഗത അനുബന്ധ മത്സ്യതൊഴിലാളികളുടെ തൊഴിലും വരുമാന മാർഗ്ഗവും വർദ്ധിപ്പിക്കുന്നതി നും കഴിയുന്നു. |

**സെക്ഷൻ ഓഫീസർ**